# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4980 — 30/06/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

<u>അന്തിമ മറുപടി</u>

## <u>കൊല്ലം ജില്ലയിലെ എൽ.ഡി. ക്ലർക്ക് നിയമനം</u>

| <u>ചോദ്യം</u> : | <u>ഉത്തരം</u> : |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കൊല്ലം ജില്ലയിൽ എൽ.ഡി.ക്ലർക്ക് നിയമനം ഇതര ജില്ലകളെ അപേക്ഷിച്ച് കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാധകമല്ല. |
| (ബി) എൽ.ഡി.ക്ലർക്ക് നിയമനത്തിലെ കുറവ് പരിഹരിക്കുവാൻ റാങ്ക് പട്ടികയുടെ കാലാവധി നീട്ടുകയോ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്യുന്നത് പരിഗണനയിലുണ്ടോ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) എൽ.ഡി.ക്ലർക്ക് തസ്തികയുടെ അന്തർജില്ലാ സ്ഥലം മാറ്റം കൊല്ലം ജില്ലയിൽ നിർദ്ദിഷ്ട ശതമാനത്തിലും അധികരിച്ച് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) തദ്ദേശ സ്വയം ഭരണ വകുപ്പിലെ (എഞ്ചിനീയറിംഗ് വിംഗ്) പുതിയ കേഡർ ക്രിയേഷൻ എന്നത്തേക്ക് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ; | (ഡി) പുനർവിന്യാസ നടപടി പൂർത്തിയായതിനു ശേഷം പുതിയ കേഡർ ക്രിയേഷൻ ഉണ്ടാകും. |
| (ഇ) കൊല്ലം ജില്ലയിൽ എൽ.ഡി.ക്ലർക്ക് നിയമനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനായി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പുതിയ എൽ.ഡി.ക്ലർക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**